പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*425 | 26-06-2019-ലെ മറുപടിയ്ക്ക്

## കാർഷികവൃത്തിയെ ആകർഷകമാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ.സി. ദിവാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.എൽദോ എബ്രഹാം** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| **(എ)** | നിശ്ചിതദിവസം തൊഴിൽ ഉറപ്പും വരുമാനവും സമൂഹത്തിൽ അന്തസ്സുമുള്ള ആകർഷക മേഖലയാക്കി കാർഷികവൃത്തിയെയും കർഷകത്തൊഴിലാളി മേഖലയെയും മാറ്റുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | **(എ)** | നിശ്ചിത ദിവസം തൊഴിൽ ഉറപ്പും വരുമാനവും സമൂഹത്തിൽ അന്തസ്സുമുള്ള ആകർഷക മേഖലയാക്കി കാർഷിക വൃത്തിയേയും കർഷക തൊഴിലാളി മേഖലയെയും മാറ്റുന്നതിന് കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br>വിവിധ വിളകളുടെ വിസ്തൃതി വ്യാപന പദ്ധതികളെ പ്രോത്സാഹിപ്പിക്കുകയും ആനുകൂല്യം നൽകുകയും ചെയ്യുന്നു. വിള വിസ്തൃതി കൂട്ടുന്നത് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നു. ഹൈടെക് കൃഷി രീതികൾക്ക് കൂടുതൽ പ്രചാരം നൽകുന്നതും കാർഷിക ഉൽപന്നങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനവും പ്രോത്സാഹിപ്പിക്കുന്നതും വിപണി ഉറപ്പാക്കുന്നതും കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾക്ക് ഉയർന്ന വില ലഭിക്കുന്നതിനുള്ള സഹായങ്ങൾ നൽകുന്നതും കർഷകന്റെ വരുമാനം ഉറപ്പാക്കുന്നതിനും കൃഷി ആദായകരമാക്കുന്നതിനും സഹായിക്കുന്നു. വരുമാനഭദ്രത ഉറപ്പ് വരുത്തുന്നതുതന്നെ കർഷകന് സമൂഹത്തിൽ അന്തസ്സ് വർദ്ധിപ്പിക്കുന്നതിനും കാർഷിക വൃത്തി ആകർഷകമാക്കുന്നതിനും സഹായിക്കുന്നു. |
| **(ബി)** | കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ആരോഗ്യസംരക്ഷണം, അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം എന്നീ മേഖലകളിൽ ഏതൊക്കെ തരത്തിലുള്ള ഇടപെടലുകളാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ; | **(ബി)** | കർഷക സമൂഹത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി രൂപീകരിക്കുന്ന കർഷക ക്ഷേമ ബോർഡ് ബില്ലിന്റെ കരട് രൂപപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം സർക്കാരിന്റെ തീരുമാനത്തിനനുസൃതമായി കർഷകരുടെ പെൺ മക്കൾക്ക് വിവാഹ ധനസഹായം, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കർഷകരുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള പ്രത്യേക ആനുകൂല്യം, ആരോഗ്യ വകുപ്പുമായി |

| | | | |
|---|---|---|---|
| | | | ചേർന്നുകൊണ്ട് അർഹരായ കർഷകർക്ക് നിലവിലുള്ള ഇൻഷുറൻസ് പദ്ധതിയുടെ ആനുകൂല്യം, സർക്കാർ അനുമതിയോടുകൂടി അംഗങ്ങൾക്ക് യോജിച്ച ലൈഫ് ഇൻഷുറൻസ് പരിരക്ഷ, അപകടം മൂലം ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്ന കർഷകർക്ക് സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത കണക്കിലെടുത്ത് അവശതാ പെൻഷൻ, മരണമടയുന്ന അംഗത്തിന്റെ അവകാശിയ്ക്ക് മരണാനന്തര ആനുകൂല്യം എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കർഷക തൊഴിലാളി ക്ഷേമ നിധി ബോർഡിൽ അംഗങ്ങളായവർക്ക് ചികിത്സാ സഹായം, പ്രസവാനുകൂല്യം, മക്കളുടെ വിദ്യാഭ്യാസത്തിനുള്ള സഹായം, പെൺ മക്കൾക്ക് വിവാഹ ധന സഹായം എന്നിവ ലഭിക്കുന്നുണ്ട്.<br>കൂടാതെ, കൃഷി വകുപ്പിന്റെ അഗ്രോ സർവ്വീസ് സെന്റർ കാർഷിക കർമ്മ സേന അംഗങ്ങൾക്ക് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| **(സി)** | കർഷകക്ഷേമ ബോർഡിന്റെ പ്രവർത്തനം യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | **(സി)** | കർഷകർക്ക് സാമൂഹിക മാന്യതയും സാമ്പത്തിക ഐശ്വര്യവും ഉറപ്പ് വരുത്തുക, അവർക്ക് പെൻഷനും മറ്റ് സാമ്പത്തിക സഹായങ്ങളും നൽകുക, വരും തലമുറയെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുക, കർഷക സമൂഹത്തിന് ഐശ്വര്യ പൂർണ്ണമായ ജീവിതം പ്രദാനം ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനായി ഒരു കർഷക ക്ഷേമ ബോർഡ് രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2018-ലെ കേരള കർഷക ക്ഷേമ ബിൽ രൂപപ്പെടുത്തിയിട്ടുള്ളത്. 14-ാം കേരള നിയമസഭയുടെ 151-ാം നമ്പർ ബിൽ 01/06/2018-ലെ അസാധരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. 2018 ഡിസംബർ മാസം 13-ാം തീയതി സഭയിൽ അവതരിപ്പിക്കപ്പെട്ട ടി ബിൽ സംബന്ധിച്ച് സൂക്ഷ്മ പഠനം നടത്തുന്നതിനായി 15 അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കാൻ സഭ തീരുമാനിക്കുകയും ചെയ്തു. കർഷക സംഘടനകളിൽനിന്നും വിവര ശേഖരണത്തിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സിറ്റിംഗ് നടത്തുന്നതിന് കൃഷി വകുപ്പ് മന്ത്രി അദ്ധ്യക്ഷനായ സമിതി |

| | | | |
|---|---|---|---|
| | | | തീരുമാനിക്കുകയും അതിന്റെ ആദ്യ പടിയായി തൃശ്ശൂർ, ആലപ്പുഴ, പാലക്കാട് ജില്ലകളിൽ കേരള കർഷക ക്ഷേമനിധി ബില്ല് സെലക്ട് കമ്മിറ്റി അംഗങ്ങളുടെ സിറ്റിംഗ് നടത്തുകയും ബില്ലിലെ വ്യവസ്ഥകൾ കുറ്റമറ്റതും കർഷകരുടെ ക്ഷേമത്തിന് ഉതകുമാറ് എല്ലാ മേഖലകളെയും ഉൾപ്പെടുത്തി കൂടുതൽ സമഗ്രവും പ്രായോഗികവും ആക്കുന്നതിലേയ്ക്ക് സമൂഹത്തിന്റെ എല്ലാ തട്ടുകളിലുമുള്ള വ്യക്തികളിൽ നിന്നും അഭിപ്രായങ്ങൾ സ്വരൂപിച്ചു വരുകയും ചെയ്യുന്നു. ഈ ബില്ലിൽ വിട്ടുപോയതായി കരുതുന്ന വ്യവസ്ഥകളുണ്ടെങ്കിൽ അവയും പുതുതായി ഏതെങ്കിലും മേഖല ഉൾപ്പെടുത്തേണ്ടതായി കരുതുന്നുവെങ്കിൽ അവ സംബന്ധിച്ച നിർദ്ദേശങ്ങളും സമിതി ശേഖരിച്ചുവരുന്നു. |
| **(ഡി)** | കർഷകത്തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനും കർഷകത്തൊഴിലാളിക്ക് നിശ്ചിത വേതനം ഉറപ്പാക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ? | **(ഡി)** | കർഷകത്തൊഴിലാളി ക്ഷാമത്തിനുള്ള പരിഹാരമായി കാർഷിക യന്ത്രവല്ക്കരണം നടപ്പിലാക്കി വരുന്നു. കർഷകർക്ക് ആവശ്യമായ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് വിവിധ കേന്ദ്ര / സംസ്ഥാനാവിഷ്കൃത പദ്ധതികൾ മുഖേന ധനസഹായം നൽകുന്നു. ബ്ലോക്കുതലത്തിൽ കാർഷിക സേവന കേന്ദ്രങ്ങളും പഞ്ചായത്തുതലത്തിൽ കാർഷിക കർമ്മസേനകളും രൂപീകരിച്ച് കർഷകരുടെ കൃഷിയിടങ്ങളിൽ യന്ത്രവത്ക്കരണം സാദ്ധ്യമാക്കുന്നതോടൊപ്പം കർഷകത്തൊഴിലാളിക്ഷാമത്തിന് പരിഹാരമാകുന്നു.<br>നെൽകൃഷി മേഖലയിൽ നിലം ഒരുക്കുന്നതു മുതൽ കൊയ്ത്ത് മെതിച്ച് നെല്ല് സംഭരിക്കുന്നതുവരെയുള്ള വിവിധ പ്രവർത്തനങ്ങൾ കാർഷിക യന്ത്രങ്ങൾ ഉപയോഗിച്ച് നടപ്പിലാക്കുന്നു.<br>പച്ചക്കറികൃഷി പദ്ധതി പ്രകാരം സ്പ്രേയറുകൾക്ക് ആനുകൂല്യവും കേരഗ്രാമം പദ്ധതി പ്രകാരം തെങ്ങു കയറ്റ യന്ത്രങ്ങൾക്ക് ധനസഹായവും നൽകുന്നു. സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ, കേന്ദ്രാവിഷ്കൃത പദ്ധതിയായ SMAM മുഖേനയും യന്ത്രോപകരണങ്ങൾക്ക് ആനുകൂല്യം നൽകുന്നു.<br>ഇതോടൊപ്പം ബ്ലോക്കടിസ്ഥാനത്തിൽ അഗ്രോ സർവ്വീസ് സെന്ററുകളും പഞ്ചായത്ത് അടിസ്ഥാനത്തിൽ കാർഷിക കർമ്മസേനകളും രൂപീകരിച്ച് കർഷക തൊഴിലാളിക്ഷാമം |

| | | | |
|---|---|---|---|
| | | | പരിഹരിക്കുന്നതിന് ശ്രദ്ധ ചെലുത്തുന്നു. ഇവയിലെ അംഗങ്ങൾക്ക് വിവിധ യന്ത്രോപകരണങ്ങളുടെ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുകയും ഇവരുടെ ധനസഹായത്തോടെ മിതമായ നിരക്കിൽ കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്തിക്കൊടുക്കുകയും ചെയ്യുന്നു.<br>ജില്ലാതലത്തിൽ അഗ്രിക്കൾച്ചർ എഞ്ചിനീയറുടെ കീഴിൽ പ്രവർത്തിക്കുന്ന കസ്റ്റം ഹയറിംഗ് സെന്റർ മുഖേന കൃഷിയിടങ്ങളിൽ മിതമായ നിരക്കിൽ കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.<br>കാർഷിക കർമ്മസേനയിലേയും അഗ്രോ സർവ്വീസ് സെന്ററിലേയും അംഗങ്ങൾക്ക് ഓരോ കാർഷിക പ്രവൃത്തിയ്ക്കും പ്രാദേശിക നിരക്കിൽ വേതനം നിർണ്ണയിക്കുന്നു.<br>ബ്ലോക്കുതലത്തിലും ഗ്രാമപഞ്ചായത്തു തലത്തിലുമുള്ള അഡ്വൈസറി കമ്മിറ്റികളാണ് ഇത് നിശ്ചയിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**